പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134 | 04.12.2018-ലെ മറുപടിക്ക്

## ശബരിമല തീർത്ഥാടനത്തിനുള്ള യാത്രാ സൗകര്യങ്ങൾ

ചോദ്യം

ശ്രീമതി.സി.കെ. ആശ

ശ്രീ. ചിറ്റയം ഗോപകുമാർ

" ഇ.കെ.വിജയൻ

" ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് എന്തെല്ലാം മുന്നൊരുക്കങ്ങളും യാത്രാ സൗകര്യങ്ങളുമാണ് കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | മണ്ഡല-മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്കിനനുസൃതമായി കേരളത്തിലെ വിവിധ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽ നിന്നും പമ്പയിലേക്കും എരുമേലിയിലേക്കും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് ബന്ധപ്പെട്ട മുഴുവൻ യൂണിറ്റ് അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെയിൻ സർവ്വീസ് നടത്തുന്നതിനായി 40 എ.സി ലോ ഫ്ലോർ ബസ്സുകളും, 160 നോൺ എ.സി ലോ ഫ്ലോർ ബസ്സുകളും, 5 ഇലക്ട്രിക് ബസ്സുകളും ഏർപ്പെടുത്തി. ഓരോ മിനിട്ട് ഇടവിട്ട് നോൺ എ.സി ബസ്സുകളും, രണ്ട് മിനിട്ട് ഇടവിട്ട് എ.സി ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. തിരുവനന്തപുരം, വർക്കല, ശാർക്കര ക്ഷേത്രം, ആറ്റിങ്ങൽ, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, ആലപ്പുഴ, തിരുമാന്ധാംകുന്ന് എന്നീ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുഖ്യ സ്ഥലങ്ങളിൽ നിന്നും മുൻകൂർ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനത്തിലൂടെ നിലയ്ക്കലിൽ നിന്ന് പമ്പയിലേയ്ക്കും, തിരിച്ചും യാത്രക്കാർക്ക് ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തി. യാത്രക്കാർക്ക് സ്വന്തമായി ടിക്കറ്റ് എടുക്കാൻ നിലയ്ക്കലിൽ 10-ഉം, പമ്പയിൽ 5-ഉം self service ticket kiosks സംവിധാനം സ്ഥാപിച്ചു. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ |

| | | | |
|---|---|---|---|
| | | | നിന്നും ശബരീദർശൻ എന്ന പേരിൽ പ്രത്യേക തീർത്ഥാടന പാക്കേജ്ജകളും നടത്തി വരുന്നു. വിവിധ സംഘങ്ങളായി എത്തുന്ന അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ നിന്നും കേരളത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്കും, കോയമ്പത്തൂർ, പളനി, മധുര, ചെന്നൈ, നാഗർകോവിൽ, കന്യാകുമാരി എന്നിവിടങ്ങളിലേയ്ക്കും ദീർഘദൂര സ്ഥലങ്ങളിലേയ്ക്ക് കുറഞ്ഞ നിരക്കിൽ അയ്യപ്പ ഭക്തന്മാർക്ക് ബസ് പൂർണ്ണമായും വിട്ട് കൊടുത്ത് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാന ത്തിലൂടെ സ്വകാര്യ ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിൽ അയപ്പഭക്തർക്ക് സംഘമായി ചേർന്ന് മറ്റ് സ്ഥലങ്ങളിലേക്ക് അവരുടെ ഇഷ്ടാനുസരണം പ്രത്യേകമായി യാത്ര ചെയ്യുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ ഭാഷയിൽ ബസ്സുകളുടെ വിവരങ്ങൾ തൽസമയം ഭക്തർക്ക് അറിയിപ്പായി നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുമുണ്ട്. കൂടാതെ നിലയ്ക്കലിൽ ഡിപ്പോ മാതൃകയിൽ പമ്പാ ബസ് സ്റ്റാൻഡിന് ഒപ്പം നിൽക്കുന്ന ബസ് സ്റ്റേഷൻ ആരംഭിയ്ക്കുകയും പ്രത്യേക ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം തുടങ്ങുകയും ചെയ്തു. ജീവനക്കാർക്ക് താമസിക്കുവാനുള്ള വിശ്രമ മുറികളും, മറ്റ് സൗകര്യങ്ങളും ആവശ്യത്തിന് ഏർപ്പെടുത്തിയിട്ടുണ്ട്. ത്രിവേ ണിയിൽ ആദ്യമായി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിച്ചു. ജീവനക്കാരെ തിരിച്ചറിയുവാനായി ഫ്ലൂറസന്റ് ജാക്കറ്റുകളും കളർ കുടകളും ത്രിവേണിയിലും, നിലയ്ക്കലിലും നൽകി. പോലീസിന്റെ virtual queue സംവിധാനവും, കെ.എസ്.ആർ.ടി.സി.യുടെ ബസ് ബുക്കിംഗ് സംവിധാനവും തമ്മിൽ ബന്ധിപ്പിക്കുകയും, പമ്പയിലെയും, സന്നി ധാനത്തെയും തിരക്ക് നിയന്ത്രിക്കുന്നതി ലേയ്ക്കായി ഘട്ടം ഘട്ടമായി വാഹനങ്ങൾ വിവിധ സമയങ്ങളിൽ ക്രമീകരിച്ച് വിടുന്നു. |
| (ബി) | തീർത്ഥാടകർക്ക് മുൻകൂട്ടി യാത്രാ സൗകര്യവും ദർശന സൗകര്യവും ഒരുക്കുന്നതിന് കെ.എസ്.ആർ.ടി. സി. നടപ്പിലാക്കിയിട്ടുള്ള സേവന | (ബി) | തീർത്ഥാടകർക്ക് ഉപകാരപ്രദമായ രീതിയിൽ യാത്രാ സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഓൺലൈൻ ടിക്കറ്റിംഗ് സംവിധാനവും, 15 self service ticket kiosk- |

| | | | |
|---|---|---|---|
| | ങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | | കളും, കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തിയിട്ടുണ്ട്. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിക്കാവുന്ന ആധുനിക ഇ.ടി.എമ്മുകൾ നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. |
| (സി) | നിലക്കൽ-പമ്പ സർവ്വീസിന് അമിതചാർജ് ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ ഉത്തരവ് പ്രകാരം നിയമാനുസൃതമായ നിരക്കാണ് നിലയ്ക്കൽ-പമ്പ സർവ്വീസിന് ഈടാക്കുന്നത്. ഇത് ബഹു. ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**